# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

## ഹയർസെക്കന്ററി മേഖലയിലെ പ്രശ്നങ്ങൾ ചർച്ചചെയ്യാൻ വിദ്യാഭ്യാസമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ സംഘടന മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ

***ആമുഖം***

14 വയസ്സുവരെ കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പാക്കുന്ന വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കാൻ ഇതര സംസ്ഥാനങ്ങൾ ശ്രമിക്കുന്ന ഘട്ടത്തിൽ ഹയർസെക്കന്ററി വിദ്യാഭ്യാസം സൗജന്യവും സാർവത്രികവുമായി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. തുടക്കത്തിലെ ബാലാരിഷ്ടതകൾ പരിഹരിച്ചെങ്കിലും കാൽലക്ഷത്തോളം അധ്യാപകരും ഏഴരലക്ഷത്തോളം വിദ്യാർത്ഥികളും ഉൾക്കൊള്ളുന്ന ഈ മേഖലയിൽ അടിയന്തിരമായി പരിഹരിക്കേണ്ട നിരവധി പ്രശ്നങ്ങളുണ്ട്. ഏറെക്കുറെ എല്ലാ പഞ്ചായത്തുകളിലും ഹയർസെക്കന്ററി സ്കൂളുകൾ നിലവിലുണ്ട്. അതിൽ പകുതിയിലധികവും സർക്കാർ മേഖലയിലാണ്. അൺ-എയ്ഡഡ് മേഖലയിൽ സ്കൂളുകളുടെ എണ്ണം കുറവാണ്. പത്താംതരംവരെ മറ്റ് സിലബസുകളിൽ പഠിക്കുന്ന കുട്ടികളും ഹയർസെക്കന്ററിയിൽ കേരള സിലബസിൽ പഠിക്കാൻ താൽപര്യം കാണിക്കുന്നു. മറ്റേതൊരു സംസ്ഥാനത്തേക്കാളും യോഗ്യതയും കഴിവുമുള്ള അധ്യാപകരാണ് ഹയർസെക്കന്ററിയിൽ ജോലിചെയ്യുന്നത്. രാജ്യത്തിനുതന്നെ മാതൃകയായ ഈ മേഖല മെച്ചപ്പെടുത്തുന്നതിന് ഭരണപരവും അക്കാദമികവുമായ നിരവധി പ്രശ്നങ്ങൾക്ക് അടിയന്തിരമായി പരിഹാരം കാണേണ്ടതുണ്ട്.

**ഭരണപരമായ പ്രശ്നങ്ങൾ**

സർക്കാർ (760), എയ്ഡഡ് (687), അൺ-എയ്ഡഡ് (461) മേഖലകളിലായി 1908 ഹയർസെക്കന്ററി സ്കൂളുകൾ സംസ്ഥാനത്ത് നിലവിലുണ്ട്.

***ഹയർസെക്കന്ററി ഡയറക്ടറേറ്റ്***

ഹയർസെക്കന്ററി സ്കൂളുകളുടെ ഭരണപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഓഫീസാണിത്. സ്കൂളുകളുടെയും അധ്യാപകരുടെയും എണ്ണം വർദ്ധിച്ചതനുസരിച്ച് ജീവനക്കാരുടെ എണ്ണത്തിലും ഭരണസൗകര്യങ്ങളിലും മാറ്റം വന്നിട്ടില്ല. നിലവിലുള്ളതിന്റെ ഇരട്ടിയോളം ജീവനക്കാർ ഈ സ്ഥാപനത്തിൽ ആവശ്യമാണ്. പരീക്ഷയടക്കമുള്ള കാര്യങ്ങളുടെ നടത്തിപ്പ് സുഗമമല്ല. കുട്ടികളുടെ പ്രവേശനം, അധ്യാപക നിയമനം, അവരുടെ പ്രമോഷനുകൾ, സ്ഥലംമാറ്റങ്ങൾ, കുട്ടികളുടെ സ്കോളർഷിപ്പ് ഉൾപ്പെടയുള്ള ആനുകൂല്യങ്ങൾ ഉറപ്പാക്കൽ തുടങ്ങി തികച്ചും ഭരണപരമായ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ ഡയറക്ടറേറ്റിന് കഴിയുന്നില്ല എന്നത് ദുഃഖകരമാണ്. പരീക്ഷാ വിഭാഗം, അക്കാദമിക് വിഭാഗം, മറ്റു ഭരണപരമായ സംവിധാനങ്ങൾ എന്നിവയൊക്കെ നിലവിലുണ്ടെങ്കിലും ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ പലപ്പോഴും സെക്ഷനുകൾ നിശ്ചലാവസ്ഥയിലാവുന്ന സ്ഥിതിയുണ്ട്. പരീക്ഷാ ജോലികൾ ആരംഭിക്കുമ്പോൾ മറ്റു സെഷനുകളിൽ ഉള്ളവരെ മാറ്റേണ്ടിവരുന്നു. ഇങ്ങനെ നിരവധി പ്രശ്നങ്ങളെ ഈ മേഖല അഭിമുഖീകരിക്കുന്നു.

***ആർ.ഡി.ഡി ഓഫീസുകൾ***

പത്തുജീവനക്കാർ വീതമുള്ള 3 ആർ.ഡി.ഡി ഓഫീസുകൾ മാത്രമാണ് സംസ്ഥാനത്തുള്ളത്. ജീവനക്കാർ ജോലിഭാരംകൊണ്ട് വീർപ്പുമുട്ടുകയാണിവിടെ. അധ്യാപകരുടെ സേവന-വേതന വ്യവസ്ഥ നടപ്പിലാക്കൽ, അംഗീകാരം നൽകൽ തുടങ്ങിയവ പോലും യഥാസമയം ചെയ്തുതീർക്കാൻ സാധിക്കുന്നില്ല.

**പരിഹാരം**

എല്ലാ ജില്ലകളിലും ഡപ്യൂട്ടിഡയറക്ടർമാരുടെ ഓഫീസുകൾ സ്ഥാപിച്ചുകൊണ്ടല്ലാതെ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിയില്ല. ആർ.ഡി.ഡി ഓഫീസുകളുടെ എണ്ണം കുട്ടുന്നതുകൊണ്ട് പ്രത്യേകിച്ചൊന്നും സംഭവിക്കാൻ പോകുന്നില്ല. അധ്യാപക നിയമനം ഉൾപ്പെടെ ജില്ലാതലത്തിലുള്ള ഡപ്യൂട്ടി ഡയറക്ടർ ഓഫീസുകളുടെ ചുമതലയിലാക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. കഴിയുന്നില്ലെങ്കിൽ സേവന-വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ജില്ലാതല ഓഫീസുകളിൽ പരിഹരിക്കാൻ കഴിയണം. ഭരണപരമായ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഈ മേഖലയിലെ പരിചയ സമ്പന്നർ ഉൾക്കൊള്ളുന്ന ഒരു സമിതിയെ പ്രത്യേകം നിയോഗിക്കണം. ജീവനക്കാരുടെ സംഘടനകളുടെ സഹകരണത്തോടെ മാറ്റങ്ങൾ വരുത്താൻ കഴിയും.

**സ്കൂളുകളിൽ വരുത്തേണ്ട മാറ്റങ്ങൾ**

സ്കൂളുകളിലെ ഭരണചുമതല ഹയർസെക്കന്ററി പ്രിൻസിപ്പളിൽ നിക്ഷിപ്തമാക്കണം. ഹെഡ്മാസ്റ്റർമാർക്ക് ഹൈസ്കൂളിന്റെ ചുമതല നൽകിയാൽ ജോലിഭാരം വർധിക്കാതെ സ്കൂളിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കഴിയും. ഓരോ സ്കൂളിനും ഒരു ഹെഡ്ക്ലർക്ക്, 2 എൽ.ഡി. ക്ലർക്ക്, 4 ക്ലാസ് ഫോർ ജീവനക്കാർ എന്നീ തസ്തികകൾ അനുവദിക്കണം. ഫലപ്രദമായി പ്രവർത്തിക്കുന്ന ഓഫീസ് സംവിധാനം അനിവാര്യമാണ്. പഠിപ്പിക്കേണ്ട അധ്യാപകർക്ക് പൂർണ്ണസമയം തങ്ങളുടെ ചുമതല നിർവഹിക്കാൻ കഴിയണം. സ്കൂളിനെ ഒരു യൂണിറ്റായി കണ്ടുകൊണ്ട് കൂട്ടായ പ്രവർത്തനത്തിലൂടെ വേർതിരിവില്ലാതെ പ്രവർത്തിച്ചാൽ പൊതുവിദ്യാലയങ്ങളിൽ വലിയ മാറ്റങ്ങളുണ്ടാകും എന്നതിന് സംശയമില്ല.

**സ്കൂൾ പ്രവർത്തിസമയം**

സ്കൂൾ പ്രവർത്തിസമയം ആഴ്ചയിൽ 5 ദിവസമായി കുറയ്ക്കണം. നിലവിലുള്ള അധ്യാപകർക്ക് തൊഴിൽ സംരക്ഷണം നൽകികൊണ്ട് പിരീയഡുകൾ ശാസ്ത്രീയമായി ക്രമീകരിക്കണം. 10-ാംതരംവരെ പൂർത്തിയായ പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ തുടർച്ചയായി 12-ാം തരംവരെയുള്ള പാഠ്യപദ്ധതി പരിഷ്ക്കരണത്തിലൂടെ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ. അല്ലാതെയുള്ള ഏതുനിർദ്ദേശങ്ങളും ഈ മേഖലയിൽ വലിയ കുഴപ്പങ്ങൾക്കിടയാക്കും. (നിലവിലുള്ള പീരീയഡുകളുടെ എണ്ണം കുറഞ്ഞാൽ അധ്യാപക തസ്തികകളെ ബാധിക്കും)

**പ്രിൻസിപ്പൽമാരുടെ ജോലിഭാരം**

ഹയർസെക്കന്ററി പ്രിൻസിപ്പാൾമാരെ ക്ലാസ്ചുമതലയിൽനിന്നും ഒഴിവാക്കണം. പ്രിൻസിപ്പാൾ തസ്തികയുടെ അത്രയും എണ്ണം സീനിയർ അധ്യാപക തസ്തിക അനുവദിച്ചാൽ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാവുകയുള്ളൂ.

**പ്രമോഷൻ തസ്തികകൾ**

ജോയിന്റ് ഡയറക്ടർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുകയും അക്കാദമിക് സ്വഭാവത്തിലുള്ള ഈ തസ്തികകളിൽ ഹയർസെക്കന്ററി പ്രിൻസിപ്പൽമാരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പ്രമോട്ട് ചെയ്ത് നിയമിക്കണം. നിലവിൽ ശമ്പള സ്കെയിലുകൾ അനുവദിച്ചിട്ടില്ല. അർഹമായവർക്ക് പ്രമോഷൻ നൽകണം.

**അധ്യാപകരുടെ പൊതുസ്ഥലംമാറ്റം**

2007 ലെ മാനദണ്ഡമനുസരിച്ചുള്ള സ്ഥലംമാറ്റം ഈ വർഷം നടപ്പാക്കിയില്ല. എന്നാൽ അർഹതയില്ലാത്തവർക്ക് സ്ഥലംമാറ്റം നൽകുന്ന നടപടി തുടരുന്നു. സർക്കാരിന്റെ അനുവാദത്തോടെയാണ് ഇത് നടക്കുന്നത്. നിലവിലുള്ള മാനദണ്ഡങ്ങൾ നടപ്പിലാക്കാതെ മാറ്റം വരുത്താൻ ശ്രമിക്കുന്നത് സദുദ്ദേശപരമല്ല. ഓൺലൈൻ സംവിധാനത്തിലൂടെയല്ലാതെ സ്ഥലംമാറ്റം നടത്തില്ലെന്ന് ഉറപ്പുവരുത്തണം.

**ബാച്ചുകളും കുട്ടികളുടെ എണ്ണവും**

10-ാം തരംവരെ 35 ആണ് ഒരു ക്ലാസിലെ കുട്ടികളുടെ പരമാവധി എണ്ണം. ഹയർസെക്കന്ററിയിൽ 50 കുട്ടികൾക്കാണ് ഒരു ബാച്ചിൽ പ്രവേശനം നൽകിയത്. മാർജിൻ സീറ്റുനൽകി 60 വരെയാക്കി. ഇപ്പോൾ 72 കുട്ടികൾവരെ ഒരു ക്ലാസിലിരുന്ന് പഠിക്കുന്നുണ്ട്. തികച്ചും അശാസ്ത്രീയമായ

നടപടിയാണിത്. ഹൈസ്കൂൾ ക്ലാസുകളിലെ 45 കുട്ടികൾക്കുവേണ്ടി നിർമ്മിച്ച ക്ലാസ്മുറികളാണ് ഹയർസെക്കന്ററി ക്ലാസ് മുറികളിൽ അധികവും. 15-17 പ്രായപരിധിയിലുള്ള കുട്ടികളെ ഇത്തരത്തിൽ ക്ലാസ്മുറികളിലിരുത്തുന്നത് ഫലത്തിൽ പീഡനമാണ്. കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയേയും ബാധിക്കുന്ന ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകണം.

ഒരുബാച്ചിലെ കുട്ടികളുടെ എണ്ണം 40 ആയി നിജപ്പെടുത്തണം. ഭാഷാധ്യാപക തസ്തികകൾക്കും ഇത് പരിഗണിക്കണം. 50 ൽ അധികം കുട്ടികളുണ്ടെങ്കിൽ അടുത്ത ബാച്ചായി പരിഗണിക്കണം. പഠന പ്രവർത്തനങ്ങളും ശാസ്ത്രീയമായ മൂല്യനിർണ്ണയ രീതികളും പ്രാക്ടിക്കൽ ക്ലാസുകളും നടത്താൻ ഇത് അനിവാര്യമാണ്.

**സ്കൂളുകളിലെ ഭൗതിക സാഹചര്യം**

ക്ലാസ്മുറികളിലെ സൗകര്യം, ഘടന, ലാബ് സൗകര്യങ്ങൾ, ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള മുറികൾ, ശുചിത്വമുള്ള പരിസരം, കളിസ്ഥലം എന്നിവ അനിവാര്യമാണ്.

**ആരോഗ്യ-കായിക വിദ്യാഭ്യാസം**

ഈ പ്രായത്തിലുള്ള കുട്ടികൾക്ക് ആരോഗ്യ-കായിക വിദ്യാഭ്യാസം അനിവാര്യമാണ്. ആവശ്യമായ അധ്യാപകരെ നിയമിക്കാൻ നടപടിയുണ്ടാകണം.

## അധ്യാപകരെ ബാധിക്കുന്ന നിലവിലുള്ള സർവ്വീസ് പ്രശ്നങ്ങൾ

***പ്രബേഷൻ പൂർത്തിയാക്കൽ***

2005 ൽ ബൈട്രാൻസ്ഫർ മുഖേന ഹയർസെക്കന്ററി അധ്യാപകരായവരുടെ പ്രബേഷൻ പൂർത്തിയാക്കി ഉത്തരവായിട്ടില്ല. പി.എസ്.സി യുമായി ചർച്ചചെയ്ത് ഈ പ്രശ്നം പരിഹരിക്കാൻ സർക്കാർ പ്രത്യേകമായി ഇടപെടേണ്ടതാണ്.

***ജൂനിയർ അധ്യാപകരുടെ പ്രശ്നം***

5 വർഷം സർവ്വീസ് പൂർത്തിയായ ജൂനിയർ അധ്യാപകരെ സീനിയർ അധ്യാപകരായി പരിഗണിച്ച് ശമ്പള സ്കെയിലും ആനുകൂല്യങ്ങളും നൽകണം. സ്കൂൾ മേഖലയിൽ (എച്ച്.എസ്.എ, യു.പി.എസ്.എ, എൽ.പി.എസ്.എ) ജോലിചെയ്യുന്ന പാർട് ടൈം അധ്യാപകർക്ക് ഈ ആനുകൂല്യം നൽകുന്നുണ്ട്.

***പ്രമോഷൻ***

പ്രബേഷൻ പൂർത്തിയായ സർക്കാർ സ്കൂളുകളിലെ ജൂനിയർ അധ്യാപകർക്ക് നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം പ്രമോഷൻ നൽകുന്നതിൽ വീഴ്ചയുണ്ട്. കാലതാമസം വരുത്താതെ ഇത് നടപ്പിലാക്കാൻ കഴിയണം. കാലതാമസം വരുന്നതിനാൽ ഉണ്ടാകുന്ന ഒഴിവുകളിൽ അർഹമായ പ്രമോഷൻ സ്പെഷ്യൽ റൂളിൽ പറയുന്നതുപോലെ അധ്യാപകർക്ക് കിട്ടുന്നില്ല.

***പ്രിൻസിപ്പൽ പ്രമോഷൻ***

ഹയർസെക്കന്ററി അധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് യഥാസമയം തയ്യാറാക്കുന്നില്ല. പ്രമോഷൻ കിട്ടാതെ അർഹതപ്പെട്ട അധ്യാപകർക്ക് വിരമിക്കേണ്ടി വരുന്നുണ്ട്. ഒഴിവ് വരുന്ന മുറയ്ക്ക് കാലവിളംബം കൂടാതെ പ്രിൻസിപ്പാൾ പ്രമോഷൻ നടത്തണം.

***മലബാർ മേഖലയിലെ പുതിയ സ്കൂളുകളും അഡീഷണൽ ബാച്ചുകളും***

മലബാർ മേഖലയിലെ പുതിയ സ്കൂളുകളിൽ അധ്യാപകരുടെ നിയമനാഗീകാരനടപടികൾ ഇനിയും പൂർത്തിയാക്കാനുണ്ട്. അവർക്ക് അർഹമായ എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും നൽകി നിയമനാഗീകാരം നൽകാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

കഴിഞ്ഞ വർഷം അനുവദിച്ച അധിക ബാച്ചുകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടില്ല. അടിയന്തിരമായി പരിഹാരം കാണേണ്ട പ്രശ്നമാണിത്.

***പ്രൈമറി സ്കൂൾ സർവ്വീസ് - സെറ്റിന് പരിഗണിക്കണം***

10 വർഷം സർവ്വീസുള്ള പ്രൈമറി അധ്യാപകരുടെ സർവ്വീസ് പരിഗണിച്ച് സെറ്റിൽ നിന്നും ഒഴിവാക്കണം.

***പ്രൈമറി അധ്യാപകർക്ക് ബൈട്രാൻസ്ഫർ പ്രമോഷൻ നൽകൽ***

ഹയർസെക്കന്ററിയിലേക്കുള്ള ബൈട്രാൻസ്ഫർ പ്രമോഷന് അർഹതയുള്ള പ്രൈമറി അധ്യാപകർക്ക് നിശ്ചിത ശതമാനം മാറ്റിവയ്ക്കാനുള്ള നടപടി സ്വീകരിക്കണം.

***ഡയറ്റ്-എസ്.സി.ഇ.ആർ.ടി***

ഹയർസെക്കന്ററി മേഖലയിൽ ഉയർന്ന യോഗ്യതയും അക്കാദമിക് മികവുമുള്ള നിരവധി അധ്യാപകർ ജോലി ചെയ്യുന്നുണ്ട്. എസ്.സി.ഇ.ആർ.ടി - ഡയറ്റ് - സീമാറ്റ് എന്നിവയുടെ ഫാക്കൽറ്റികൾ ശക്തിപ്പെടുത്താൻ അർഹതയുള്ള ഹയർസെക്കന്ററി അധ്യാപകരെ റിസർച്ച് ഓഫീസർ മാരായി നിയമിക്കാനുള്ള നടപടി സ്വീകരിക്കണം.

***ഹയർസെക്കന്ററി പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റം***

ഹയർസെക്കന്ററി പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റത്തിന് പൊതുമാനദണ്ഡം ഉണ്ടാക്കണം. സ്കൂളുകളുടെ പ്രവർത്തനത്തിന് തടസ്സം വരാത്ത തരത്തിലായിരിക്കണം സ്ഥലംമാറ്റം.

***ഏകജാലക പ്രവേശനം***

ഹയർസെക്കന്ററിയിലെ കുട്ടികളുടെ പ്രവേശനത്തിന് ഏകജാലക സമ്പ്രദായം ഏർപ്പെടുത്തിയത് വലിയൊരു മാറ്റമായിരുന്നു. സർവ്വകലാശാലകൾവരെ ഹയർസെക്കന്ററിയുടെ മാതൃകയാണ് സ്വീകരിച്ചിരിക്കുന്നത്. ഹയർസെക്കന്ററി പ്രവേശനത്തിനുള്ള ഏകജാലക സംവിധാനം തുടരുന്നതിനെക്കുറിച്ച് പുനരാലോചിക്കുമെന്ന മന്ത്രിയുടെ പ്രസ്താവന ആശങ്കയുളവാക്കുന്നതാണ്. ഏവരാലും അംഗീകരിക്കപ്പെട്ട ഏകജാലക പ്രവേശനം നിലനിർത്തുകയും പൊതുവിദ്യാലയങ്ങളിലെ (കേരളാ സിലബസ്) കുട്ടികൾക്ക് പ്രവേശനം ഉറപ്പുവരുത്തുകയും വേണം.

**അക്കാദമിക് രംഗത്ത് വരുത്തേണ്ട മാറ്റങ്ങൾ**

***1. പാഠ്യപദ്ധതി പരിഷ്ക്കരണം***

കെ.സി.എഫ്-2007 ന്റെ അടിസ്ഥാനത്തിൽ ഹയർസെക്കന്ററിയിലെ സിലബസ് പരിഷ്ക്കരണവും അതിന്റെ അടിസ്ഥാനത്തിലുള്ള പാഠപുസ്തക പരിഷ്ക്കരണവും അടിയന്തിരമായി ആരംഭിക്കണം.

***2. പാഠപുസ്തകങ്ങൾ***

ഹയർസെക്കന്ററിയിൽ വിവിധ വിഷയങ്ങളുടെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കണം.

***3. മൂല്യനിർണ്ണയം***

മൂല്യനിർണ്ണയ രീതിയിൽ ശാസ്ത്രീയമായ മാറ്റങ്ങളുണ്ടാവേണ്ടതാണ്.

ഇത്തരം അക്കാദമിക് രംഗത്തെ പ്രശ്നങ്ങൾ പാഠ്യപദ്ധതി (കെ.സി.എഫ്-2007) നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരിഹരിക്കാൻ കഴിയും.

**അധ്യാപക പരിശീലനം**

ഫലപ്രദമായ അധ്യാപക പരിശീലനം അനിവാര്യമാണ്. നിലവിലുള്ള പരിശീലനം ഒട്ടും തൃപ്തികരമല്ല. ഹയർസെക്കന്ററി വിദ്യാഭ്യാസം സാർവ്വത്രികമായ കേരളത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെയായിരിക്കണം പരിഷ്ക്കാരങ്ങൾ കൊണ്ടുവരേണ്ടത്. ഹയർസെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന കുട്ടികൾ കേരളത്തിന് പുറത്തും വിദേശത്തും പഠനം തുടരേണ്ടവരാണ് എന്ന കാഴ്ചപ്പാട് നമുക്ക് വേണം. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് നിന്നും പ്രതിഭകളെ കണ്ടെത്താനും കുട്ടികളുടെ താൽപര്യമനുസരിച്ച് ഉന്നത പഠനത്തിന് തയ്യാറാകാനുമുള്ള സംവിധാനമാണ് ഹയർസെക്കന്ററി വിദ്യാഭ്യാസം. നല്ലൊരു വിഭാഗം കുട്ടികൾ ജീവിതത്തിലേക്ക് കടക്കുന്നതും ഇതിനുശേഷമാണ്. അവരെയും കണക്കിലെടുത്തു കൊണ്ടുവേണം പരിഷ്ക്കാരങ്ങൾക്ക് തുടക്കം കുറിക്കാൻ.

വിശ്വസ്തതയോടെ,

തിരുവനന്തപുരം
16.04.2013

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി